കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ജീവനക്കാര്യം - സസ്പെൻഷനിൽ ആയിരുന്ന ശ്രീ.അനൂപ് വർക്കി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ തിരികെ സർവീസിൽ പ്രവേശിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത(സി) വകുപ്പ്

സ.ഉ.(സാധാ) നം.326/2021/ഗതാഗതം തീയതി,തിരുവനന്തപുരം, 24/09/2021

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.01.2020-ലെ C8(VC 1/2019/SCK) 42280/2019-നമ്പർ റിപ്പോർട്ട്
2. വിജിലൻസ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 03.03.2020-ലെ VG-A3/327/2019-VIG-നമ്പർ കത്ത്
3. സ.ഉ(സാ.ധാ) നമ്പർ.445/2020/ഗതാഗതം തീയതി.23.12.2020.
4. സ.ഉ(സാ.ധാ) നമ്പർ.167/2021/ഗതാഗതം തീയതി.27.05.2021.
5. സസ്പെൻഷൻ പുനഃപരിശോധന കമ്മിറ്റിയുടെ 03.09.2021-ലെ മിനുട്സ്

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരമുള്ള വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ട ശ്രീ.അനൂപ് വർക്കി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ സർവീസിൽ തിരികെ പ്രവേശിപ്പിച്ച പാലക്കാട്, മലപ്പുറം എന്നീ ജില്ലകൾക്ക് പുറത്തു നോൺ സെൻസിറ്റീവ് തസ്തികയിൽ നിയമിക്കാവുന്നതാണ് എന്ന് 03.09.2021-ൽ കൂടിയ സസ്പെൻഷൻ പുനഃപരിശോധന കമ്മിറ്റി പരാമർശം (5) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു.ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.അനൂപ് വർക്കിയെ വയനാട് എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.സുരേഷ്കുമാർ.കെ.കെ-യെ സ്ഥലം മാറ്റുന്ന ഒഴിവിലേക്കു നിയമിക്കുന്നു. മേൽ നിയമനത്തോടൊപ്പം ചുവടെ പറയുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ സ്ഥലം മാറ്റങ്ങളും ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു

1. ശ്രീ.സുരേഷ്കുമാർ.കെ.കെ-യെ മലപ്പുറം എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.ടി.ജി.ഗോകുൽ- നെ സ്ഥലം മാറ്റുന്ന ഒഴിവിലേക്ക് ഭരണ സൗകര്യാർത്ഥം മാറ്റി നിയമിക്കുന്നു.
2. പരാമർശം(4) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.ടി.ജി.ഗോകുൽ-നെ (മലപ്പുറം എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ) 3 മാസത്തെ വർക്കിംഗ്

അറേഞ്ച്മെന്റിന്റെ സമയപരിധി അവസാനിച്ചതിനാൽ തൃശ്ശൂർ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.എം.പി.ജെയിംസിനെ സ്ഥലം മാറ്റുന്ന ഒഴിവിലേക്ക് ഭരണ സൗകര്യാർത്ഥം മാറ്റി നിയമിക്കുന്നു.

3. ശ്രീ.എം.പി.ജെയിംസിനെ കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.ഇ.മോഹൻദാസിനെ സ്ഥലം മാറ്റുന്ന ഒഴിവിലേക്ക് ഭരണ സൗകര്യാർത്ഥം മാറ്റി നിയമിക്കുന്നു.
4. ശ്രീ.ഇ.മോഹൻദാസിനെ നിലവിൽ ഒഴിവുള്ള വയനാട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി ഭരണ സൗകര്യാർത്ഥം മാറ്റി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
വിജിലൻസ് (എ) വകുപ്പ്
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Anju.p.k
Date: 24-09-2021 13:25:23
Reason: Approved
സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസിനു
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി.എ.ക്കു